I·T

# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5 11-06-2012-ന് മറുപടി നൽകേണ്ടത്

## മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി കോർപ്പറേഷൻ

**ചോദ്യം**

ശ്രീ. ജോസഫ് വാഴക്കൻ

ശ്രീ. കെ. അച്ചുതൻ

ശ്രീ. അൻവർ സാദത്ത്

ശ്രീ. പി.സി. വിഷ്ണുനാഥ്

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(ബഹു: മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കായി കോർപ്പറേഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി 'കേരള സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ് ' എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിക്കുന്നതിനും തൃശ്ശൂർ, കോട്ടയം, കണ്ണൂർ എന്നിവിടങ്ങളിൽ മൂന്ന് മേഖലാ ഓഫീസുകളോട്ടുകൂടി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾക്കായി തയ്യാറാക്കിയ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവയ്ക്കും അംഗീകാരം നല്കി 25-04-2012-ൽ സ.ഉ. (എം.എസ്) 84/12/ പൊ.ഭ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്ഥാന ഓഫീസിന്റെയും മേഖലാ ഓഫീസുകളുടെയും ഘടന അംഗീകരിക്കുകയും ഈ കോർപ്പറേഷന്റെ ഭരണത്തിനായി 11 അംഗ ഭരണസമിതി രൂപീകരിക്കുന്നതിനും ഈ ഉത്തരവിലൂടെ അനുമതി നല്കിയിട്ടുണ്ട്. |
| (ബി) | കോർപ്പറേഷന്റെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും, മെമ്മോറാണ്ടം ഓഫ് അസോസിയേഷനും തയ്യാറാക്കിയിട്ടുണ്ടോ ; | | |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | കോർപ്പറേഷന്റെ രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ